# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 179 — 04.02.2013 ലെ മറുപടിക്ക്

## കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കമ്പനി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ; | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കമ്പനി ലിമിറ്റഡിന്റെ ആതറൈസ്ഡ് ഷെയർ ക്യാപ്പിറ്റൽ എത്രയാണെന്ന് വ്യക്തമാക്കാമോ; നാളിതുവരെയുള്ള പെയ്ഡ് അപ് ക്യാപ്പിറ്റൽ എത്രയാണെന്നും കമ്പനി അക്കൗണ്ടിൽ എത്ര തുക ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ആതറൈസ്ഡ് ഷെയർ ക്യാപ്പിറ്റൽ 1000 കോടി രൂപയാണ് (100 രൂപ ഷെയർ വാല്യൂ പ്രകാരം 10 കോടി ഷെയർ) നാളിതുവരെയുള്ള പെയ്ഡ് അപ് ക്യാപ്പിറ്റൽ 209,52,57,400/- (ഇരുന്നൂറ്റി ഒമ്പത് കോടി അമ്പത്തി രണ്ട് ലക്ഷത്തി അമ്പത്തേഴായിരത്തി നാനൂറ്) രൂപയാണ്. കമ്പനി ഷെയർ അക്കൗണ്ടിൽ 79,52,57,400/- (എഴുപത്തിഒമ്പത് കോടി അമ്പത്തിരണ്ട് ലക്ഷത്തി അമ്പത്തി ഏഴായിരത്തി നാനൂറ്) രൂപയും മറ്റ് അക്കൗണ്ടുകളിൽ 115.46 കോടി (നൂറ്റിപതിനഞ്ച് കോടി നാൽപത്തി ആറ് ലക്ഷം) രൂപയും ബാക്കിയുണ്ട്. |
| (ബി) | സർക്കാരിൽ നിന്നും ഈ വർഷം കമ്പനിക്ക് ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുക എത്ര; സർക്കാരിന്റെ 26% ഷെയർ ഭൂമിയായിട്ടാണോ ലഭിക്കുന്നത്; എങ്കിൽ ഇതിനകം ലഭിച്ച ഭൂമി എത്ര; സർക്കാരിന് നൽകിയ ഷെയർ എത്ര; | (ബി) | സർക്കാരിൽ നിന്നും ബഡ്ജറ്റ് വിഹിതമായി ഈ വർഷം കമ്പനിക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല. സർക്കാരിന്റെ 26% ഷെയർ ഭൂമിയായിട്ടാണ് ലഭിക്കുന്നത്. 645 ഏക്കർ ഭൂമി കൈമാറിക്കിട്ടിയതിൽ ഇക്യൂറ്റിയായി 130,00,00,000 (നൂറ്റിമുപ്പത് കോടി) രൂപയുള്ള ഷെയർ സർക്കാരിനു നൽകിയിട്ടുണ്ട്. |
| (സി) | എയർപോർട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം വർക്കുകൾക്ക് ടെണ്ടർ വിളിച്ചിട്ടുണ്ട് ; വിളിച്ച ടെണ്ടറുകൾ അനുസരിച്ച്, മതിപ്പുചെലവ് എത്ര തുകയാണ് ; | (സി) | എയർപോർട്ടിന്റെ എയർസൈഡ് സൗകര്യങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച് യോഗ്യതയുള്ളവരുടെ അഭ്യർത്ഥനയ്ക്കായി 2013 ജനുവരി മാസത്തിൽ ടെണ്ടർ ക്ഷണിച്ചുകഴിഞ്ഞു. ഈ നിർമ്മാണപ്രവർത്തനത്തിന് 700 കോടി രൂപ മതിപ്പുചെലവ് ആണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | എയർപോർട്ടിനുവേണ്ടി ഇതിനകം ഏറ്റെടുത്ത ഭൂമിക്കുവേണ്ടി കിൻഫ്ര വഴി ചെലവഴിച്ച തുക പലിശ സഹിതം എത്ര; ഇതിൽ സർക്കാർ ഇതിനകം നൽകിയ തുക എത്ര; അവശേഷിക്കുന്ന തുക എത്ര സമയത്തിനകം നൽകേണ്ടതുണ്ട്; വ്യക്തമാക്കുമോ? | (ഡി) | കണ്ണൂർ എയർപോർട്ടിനുവേണ്ടി രണ്ടാംഘട്ടത്തിൽ ഏറ്റെടുത്ത 1086 ഏക്കർ ഭൂമിക്ക് കിൻഫ്ര ബാങ്കുകളിൽ നിന്നും വായ്പയെടുത്ത ഇനത്തിൽ 31.12.2012 വരെ 316.5 കോടി രൂപ ആയിട്ടുണ്ട്. ഇതിൽ സർക്കാർ 105.27 കോടി രൂപ നാളിതുവരെ നല്കിയിട്ടുണ്ട്. അവശേഷിക്കുന്ന തുക ബാങ്കുകളുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ വെളിച്ചത്തിൽ 2013 ജൂലൈ 31 നകം നല്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ